# അശാന്തിയുടെ കാക്കക്കാലുകൾ

ജയശ്രീ

മൂന്നുവട്ടം താണുമുങ്ങി അയാൾ കുളത്തിൽ നിന്ന് കയറി. പല്ല് കിടുക്കുന്നുണ്ട്. വെള്ളത്തിന് നല്ല തണുപ്പ് കടന്നു പോയ കാറ്റല അറിയാതെ തൊട്ടപ്പോൾ അയാൾ ഒന്നു വിറച്ചു.

“തണുപ്പ്ണ്ട്ല്ലേ. സാരല്യ. വേഗം ങ്ങട്ട് വന്നോളൂ” പരികർമ്മി രാമുണ്ണ്യാശാൻ തയ്യാറായി നില്പുണ്ട്. ശരിയാണ്. ഈ തണുപ്പ് സാരമില്ല. അശാന്തിയുടെ യാമങ്ങളിൽ ഉള്ളംകൈയിലെ ഇത്തിരിക്കുളിരാൽ വീർപ്പാറ്റിത്തന്നവർക്ക് വേണ്ടി ഈ തണുപ്പ് സഹിക്കുന്നത് ഒട്ടും അധികമല്ല.

രാമുണ്ണ്യാശാൻ നിർദ്ദേശം നല്കാൻ തുടങ്ങി. വെള്ളകീറിത്തുടങ്ങുന്നതേയുള്ളൂ. നേർത്ത ഇരുട്ടിലും അകലെ, കുന്നുകൾപ്പുറം അമ്മയുടെ വിളറിയ മുഖം അയാൾ കാണുന്നുണ്ട്. യാത്രയായിരുന്നു, ലക്ഷ്യമില്ലാത്ത യാത്ര. ഒടുവിൽ അക്കരെ തൊട്ട് തിരിച്ചെത്തിയപ്പോഴേക്കും വൈകിപ്പോയിരുന്നു. അകത്തളത്തിലെ കട്ടപിടിച്ച ഇരുട്ടിൽ അമ്മയെ തനിച്ചാക്കി ഇറങ്ങാൻ തുടങ്ങിയ നിമിഷം അയാളോർത്തു...

“ഇനി എള്ളു തൊട്ട് മൂന്നു പ്രാവശ്യം. ആരാത്? ആ കുട്ടീനെ മുമ്പ്ന്ന് മാറ്റൂ.”

അയാൾ തല പൊക്കി നോക്കി. ലക്ഷ്മിയേടത്തിയാണ്. കലങ്ങിയ കണ്ണുകളിൽ മുലപ്പാലിന്റെ നഷ്ടം. ‘ഏടത്തി, ഈ കറുകത്തുമ്പിലെ വെള്ളം നിങ്ങൾക്കു കൂടി വേണ്ടിയാണ് ഞാനേകുന്നത്...

... ആളുന്ന തീ അമ്മയുടെ മുഖത്ത് വരയ്ക്കാറുണ്ടായിരുന്നത് ആയിരം തലയുള്ള നാഗങ്ങളെയായിരുന്നു. പൂരപ്പറമ്പിലെ തെയ്യത്തിന്റെ ചമയങ്ങൾ. തിരുവാതിരക്കുളിരിൽ കുളത്തിൽ അമ്മയോടൊപ്പം മർദിയ്ക്കാൻ പോകുന്നത് അയാളോർത്തു. “ആയായീന്റെ അപ്പൂ, പെണ്ണുങ്ങളുടെ എടേല് വരാമ്പാടില്ല. അമ്മടെ പൊട്ടവത്തു മ്പ്ന്ന് വിടാതെ എങ്ങന്യാ കുട്ട്യേ കഴിയാ?” നാണിയമ്മയുടെ സ്ഥിരം കളിയാക്കൽ ഒരു വികാരവും തോന്നിച്ചില്ല. അമ്മയുടെ കൂടെയല്ലേ. വേറാരും അല്ലല്ലോ.

മൈലാഞ്ചിപ്പൊന്തകളിലും ആളൊഴിഞ്ഞ മാണിയോടിലും ദിവസങ്ങളിൽ ഒരേയൊരു സത്യം മാത്രമേയുണ്ടായിരുന്നുള്ളൂ. അമ്മയെന്ന സത്യം.

അകലെ, ഏതോ സായ്പിനു വേണ്ടി യുദ്ധത്തിനു പോയ അച്ഛനെ കുറിച്ച് അന്ന് ചിന്തിക്കാറുണ്ടായിരുന്നില്ല. അമ്മയെ കരയിപ്പിച്ച ഏതോ കത്തിലെ വരികൾ മാത്രമായിരുന്നു അച്ഛൻ. അമ്മയുടെ നെറ്റിയിലെ ചുവന്ന വൃത്തം മാഞ്ഞതും ഒരു സ്വപ്നം മാത്രമായിരുന്നു.

നിനവിന്റെ വെയിലിലേക്കുള്ള വളർച്ച പതുക്കെയായിരുന്നു. അമ്മയുടെ മുഖത്ത് ചാലിച്ച ചിന്തകൾ മനസ്സിൽ വേരുകളാഴ്ത്തി. അമ്മയെ പേടിപ്പിച്ച ആയിരം കാക്കക്കാലുകൾ തല്ച്ചോറിൽ മാറാല കെട്ടി.

നെറ്റിയിൽ കൂറകളുടെ ശവങ്ങൾ ഒട്ടിപ്പിടിച്ച ഒരു പൊള്ളുന്ന രാത്രിയിൽ , കാറ്റിനെ മാറോടടുക്കി, മുടിയിഴകൾ പറത്തി ഓട്ടമാരംഭിച്ചു. ഒടുവിൽ തളർന്നപ്പോൾ തല ചായ്ക്കാൻ ഒരു മടിത്തടം. നെറ്റിയിൽ അമ്മിഞ്ഞപ്പാലിന്റെ കുളിര്. പിറ്റേന്ന് അമ്മ പറഞ്ഞു. “രാത്രി എന്ത് പന്യായിര്ന്ന്. പിച്ചും പേയും പറഞ്ഞു. ആകെ പേടിച്ചു. ഇപ്പൊ സുഖംണ്ടോ? ”

“ സുഖംണ്ടമ്മേ, നല്ല സുഖം.”
അമ്മയുടെ മുഖത്ത് കാക്കക്കാലുകൾ വർദ്ധിച്ചപ്പോൾ യാത്രയാരംഭിച്ചു. അകലെ പട്ടണത്തിൽനിന്നും വന്നെത്തിയ ‘അപ്പോയിന്റ്മെന്റ് ഓഡർ’ കണ്ടപ്പോൾ അമ്മ പറഞ്ഞു. “ ദൂരെയാണല്ലേ. സാരല്യ. ഭഗവതീനെ വിചാരിച്ച് കഴിയാ. അത്രതന്നെ.”

*മനസ്സിന്റെ മടക്കുകളിലെവിടെയോ ഒളിച്ചുവെച്ച ആ ഒരേയൊരു മയിൽപീലിത്തുണ്ട് അമ്മ കണ്ടെത്തിയതെങ്ങനെ എന്ന് അദ്ഭുതപ്പെടുകയായിരുന്നു”. എങ്കിലും പറഞ്ഞതിതു മാത്രമാണ്. “അമ്മയുടെ ഇഷ്ടം”.*

സമതലങ്ങളിൽ ശാന്തിയായി, മലയിടുക്കിൽ ശക്തിയായി, നുരകുത്തിയൊഴുകി ജീവിതം ഒരു വെള്ളച്ചാട്ടം പോലെ മുന്നോട്ടു പോകേ, അമ്മയുടെ കത്തുകൾ സാന്ത്വനങ്ങളായി ഒരു സമതലത്തിൽ നിന്ന് അമ്മയുടെ മുഖത്തെ മാഞ്ഞ കാക്കക്കാലുകൾ കണ്ട് സന്തോഷിക്കാനെത്തിയപ്പോൾ അമ്മ പറഞ്ഞു.

“ വയ്യാതായി , ഇനി എനിയ്ക്കൊരു മരുമോള് വേണം. നമ്മടെ വടക്കേപ്പാട്ടെ ഗോപാലന്നായരുടെ മോളെ ആലോയ്ച്ചിട്ടുണ്ട്. നിന്നോട് ചോദിച്ചിട്ട് ആവാമെന്ന് പറഞ്ഞു.” മനസ്സിന്റെ മടക്കുകളിലെവിടെയോ ഒളിച്ചുവെച്ച ആ ഒരേയൊരു മയിൽപീലിത്തുണ്ട്

അമ്മ കണ്ടെത്തിയതെങ്ങനെ എന്ന് അദ്ഭുതപ്പെടുകയായിരുന്നു". എങ്കിലും പറഞ്ഞതിതു മാത്രമാണ്.

"അമ്മയുടെ ഇഷ്ടം"

ദിവസങ്ങൾക്കു ശേഷം മാറിപ്പോയ ആ ആലോചനയിൽ മനം നൊന്ത അമ്മയുടെ വരികൾ.........

മോൻ സങ്കടപ്പെടേണ്ട. തീർത്ഥം തൊടാൻ തുളസിക്കാണവകാശം. ഉദകം ചെയ്യാൻ കറുകയ്ക്കും. എന്റെ മോന് ഇനീം നല്ല തുളസി കിട്ടും."

അമ്മയുടെ സാന്ത്വനം എന്നും കാററായിരുന്നു. പൊള്ളുന്ന ചൂടിൽ നെററിയിൽ വീണ തുളസിതീർത്ഥം. പിന്നീടെപ്പോഴോ കണക്കുകൾ നഷ്ടപ്പെട്ടു. പട്ടണത്തിൽ നിന്ന് പട്ടണത്തിലേക്ക് ഒരു പന്തുപോലെ തട്ടിയെറിയപ്പെട്ടപ്പോൾ നഷ്ടപ്പെട്ട കണക്കുകളിൽ അമ്മയുടെ മുഖത്തെ കാക്കക്കാലുകളും ഉണ്ടായിരുന്നു.

ചമയങ്ങളെല്ലാം കഴുകിക്കളഞ്ഞ ഒരു സായാഹ്നത്തിൽ തീർത്ഥയാത്ര ആരംഭിച്ചു. പുണ്യഭൂമിയിലേക്ക്, അമ്മയെ യാത്രയാക്കാനുള്ള തീർത്ഥയാത്ര............

"ഇനി ആ കറുകമോതിരം അഴിച്ചുവെച്ച് കയ്യടിക്ക്യാ... കാക്ക വരട്ടെ. ബലിച്ചോറു കൊടുത്താലേ ആത്മാക്കൾക്ക് മോക്ഷള്ളൂ". കയ്യടി കേട്ട് പറന്നെത്തിയ കാക്ക ചാടിച്ചാടി ബലിച്ചോറിനടുത്തെത്തി അത് നോക്കി അയാൾ നിന്നു. ആദ്യത്തെ കാക്ക അത് കൊത്തിയപ്പോൾ ഇററുവീണ ഒരു തുള്ളി കണ്ണുനീർ തുടയ്ക്കവേ, സ്വന്തം മുഖത്തെ ആദ്യത്തെ കാക്കക്കാലിനെ കുറിച്ചയാൾ ബോധവാനായി . ബലിച്ചോറ് നായതൊടാതിരിക്കാൻ ഇളയമകനെ കാവൽ നിർത്തി അകത്തേക്ക് തിരിയുമ്പോൾ അയാളോർത്തു. "ശരിയാണ്. തീർത്ഥം തൊടാൻ തുളസിയ്ക്കാണാവകാശം. ഉദകം ചെയ്യാൻ കറുകയ്ക്കും."

അകലെ കുന്നുകൾക്കിടയിൽഅമ്മയുടെ മുഖം ഉദിച്ചുയർന്നിട്ടുണ്ടായിരുന്നു.

*സുബൈർ വി.പി*

# ദാഹത്തിന്റെ ഓർമ്മക്ക്



(ഇരുപത്തിയാറു പേരുടെ ഓരാംക്കൂട്ടത്തിന്)

നാരായണൻ കുട്ടി മരിച്ചതിന്റെ മൂന്നാം നാളായിരുന്നത്. ഒരു സന്ധ്യക്ക് അവന്റെ അസ്ഥിത്തറയിൽ കൊളുത്തി വെച്ചിരുന്ന വിളക്ക് കാററുതട്ടിയണക്കും മുമ്പായിരുന്നു. മച്ചിൻ പുറത്ത് നിന്നും നാരായണൻകുട്ടിയുടെ ആത്മാവപ്പോഴും ചോദിക്കുന്നുണ്ടായിരുന്നു.

—ലേശം വെള്ളം കുടി തരോ? സത്യായ്ട്ടും ദാഹിച്ചിട്ടാ.....

ഇരുട്ടിന്റെ നിഴൽ ആഴത്തിൽ പതിഞ്ഞുപോയ വീടിന്റെ നാലുചുമരുകളിലും തട്ടി നാരായണൻകുട്ടിയുടെ ദാഹിക്കുന്ന ആത്മാവ് പോലെ ആ ശബ്ദം ചുററിയലയുന്നുണ്ടായിരുന്നു. മച്ചിൻപുറത്തെ പ്രാവുകളുടെ കുറുകലുകളിലും അപ്പുറത്ത് പനയോലയിൽ തട്ടിവരുന്ന കാററിന്റെ മർമ്മരങ്ങളിലും ആ ശബ്ദം തന്നെ കേട്ടു. നാരായണൻ കുട്ടിയുടെ ദാഹത്തിന്റെ ശബ്ദം ഏറെയേറെ നേരം മുഴങ്ങാതാവുമ്പോാം പേടി തോന്നുന്നുണ്ടായിരുന്നു. ഒട്ടു കഴിഞ്ഞ് ഇരുട്ടിൽ നിന്നെവിടെ നിന്നെങ്കിലുമോ ആ ശബ്ദം ഒരാർപ്പു വിളിയായി രൂപം മാറുമോ എന്ന്.

ഏറെ നേരം മിണ്ടാതിരുന്നാൽ നാരായണൻകുട്ടിക്ക് ദാഹിക്കുമല്ലോ.

നാരായണൻകുട്ടിക്ക് വലിയ ദാഹമായിരുന്നു.

മഴയിലും വെയിലിലും മഞ്ഞിലും നാരായണൻ കുട്ടിക്ക് ദാഹിച്ചു.

ഉച്ചയുടെ തീഷ്ണതയിലും സന്ധ്യയുടെ ശൈത്യത്തിലും നിശ്ശബ്ദതയുടെ കനത്ത അർദ്ധരാത്രികളിലും നാരായണൻകുട്ടിക്ക് ദാഹിച്ചു.

കള്ളക്കർക്കിടകത്തിലും ഓണച്ചിങ്ങത്തിലും നാരായണൻകുട്ടിക്ക് ദാഹമായിരുന്നു.

പാവം നാരായണൻകുട്ടി.

ദാഹിച്ച് തൊണ്ട പൊട്ടാറാവുമ്പോഴാണവൻ വെള്ളം ചോദിക്കുക. വരണ്ട തൊണ്ട കൊണ്ട് വെള്ളം ചോദിക്കാൻ നാരായണൻകുട്ടിക്ക് പേടിയായിരുന്നു. അതിനാൽ പതിയെ വളരെ പതിയെയാണവൻ പറയുക.

—ലേശം വെള്ളം കൂടി തരോ? സത്യായ്ട്ടും ദാഹിച്ചിട്ടാ......

ജലത്തിന്റെ പതിഞ്ഞ അലകളിൽ കുററിരോമങ്ങാം നിറഞ്ഞ മുഖത്തിന്റെ ഭീകരതയിലേക്ക് ഏറെനേരം നോക്കി നിൽക്കേ നാരായണൻകുട്ടിക്ക് പേടിയാവുമായിരുന്നു. മുഖത്ത് നിന്ന് തീർത്ഥത്തിന്റെ പരിശുദ്ധിയിലേക്ക് ചോര ഒഴുകിയിറങ്ങുന്നതവൻ പേടിയോടെ നോക്കി നില്ക്കും. പിന്നെ ഒററവലിക്ക് വെള്ളം കുടിച്ച് തീരു

മ്പോൾ നാരായണൻകുട്ടിയുടെ ചുണ്ടിൽ ചോരയുടെ ഉൻമത്ത രുചിയായിരിക്കും. അതിന്റെ ഭീകരതയിലവൻ വീണ്ടും വെള്ളമാവശ്യപ്പെടും. അപ്പോഴെല്ലാം ചോരപ്പാടു വീണ് ചുണ്ട് ചുവന്ന് തുടുത്തതായി അവനറിയും.

ഒടുവിൽ രാത്രിയിലെപ്പോഴോ അവന്റെ ചുണ്ടുളിൽ പതിയെ തലോടി വിരലുകൾ നീട്ടി, ദാ ഒന്നൂല്യ നാരായണൻകുട്ടീന്ന് അമ്മ പറയുമ്പോൾ അവൻ തളർന്നുറങ്ങും. നാരായണൻകുട്ടിയുടെ മുടിയിഴകളിൽ വിരലുകൾ തെരുപ്പിടിപ്പിച്ച് അമ്മയും ഏതെങ്കിലുമൊരു യാമത്തിലുറങ്ങിപ്പോകും.

പിന്നെ സ്വപ്നങ്ങളുടെ ഉയിർത്തെഴുന്നേല്പായി.

നാരായണൻകുട്ടി സ്ഫടികജലം നിറഞ്ഞ വെള്ളിത്തടാകങ്ങൾ സ്വപ്നം കണ്ടു. ജലത്തിന്റെ സമൃദ്ധിയിൽ ആഹ്ലാദം സഹിക്കാനാകാതെ അവൻ ആർത്തു ചിരിക്കും. അപ്പോളവന്റെ കണ്ണുകളിലൂടെ വെള്ളമൊലിച്ചു ചാടുകയായിരിക്കും. സ്ഫടികജലത്തിലൂളിയിയിട്ടൂളിയിട്ട് മതിവരോളം വെള്ളം കുടിച്ചു തീർത്ത് തിരിച്ച് കയറുമ്പോൾ നിറയെ വെള്ളമുള്ള ഒരു ഇളനീർത്തൊണ്ടുമായി നാരായണൻകുട്ടിയെ അവന്റെ അമ്മ കാത്തു നിൽപ്പുണ്ടാവും.....

അമ്മ വരണ്ട മരുഭൂമികൾ മാത്രം സ്വപ്നം കണ്ടു. മരുഭൂമിയിൽ ജലത്തിനാർത്തു കരയുന്ന ഒരു പാടാൾക്കൂട്ടങ്ങൾക്കിടയിൽ ആഹ്ലാദിച്ചോടി നടക്കുന്ന നാരായണൻകുട്ടിയെ കണ്ട് അമ്മ ചിരിക്കും. നാരായണൻകുട്ടിയുടെ ദാഹം മാററിയതിന് ഉറക്കത്തിൽ അമ്മ ഭഗവതിക്ക് ഏഴു നാൾ പാൽപ്പായസം നേരും. പിന്നെ മറേതോ നിശ്വാസത്തിൽ ഞെട്ടിയുണരേ അവൾ ഭഗവതിയെ വിളിച്ചു കരയും.

അമ്മ ഭഗവതിയെ വിളിച്ചത് നാരായണൻകുട്ടിക്ക് വേണ്ടി മാത്രമായിരുന്നു. അമ്മയുടെ നിശ്വാസത്തിന്റെ തീഷ്ണതയും നാരായണൻകുട്ടിയുടെ ദാഹത്തിന്റെ വാക്കുകളും അപ്പോഴും മച്ചിൻ പുറത്തും ചുമരുകൾക്കിടയിലെ നിശ്ശബ്ദതയിലും മുഴങ്ങി നിൽപ്പുണ്ടായിരുന്നു. അല്ലെങ്കിലും നാരായണൻകുട്ടി ഈ മച്ചിനപ്പുറത്ത് നിന്ന് എങ്ങോട്ട് പോവാനാണ്? പോവാനുണ്ടായിരുന്നെങ്കിൽ തന്നെ ഉമ്മറപ്പടി കടന്ന് തുളസിത്തറകടന്ന് നാരായണൻ

*സ്ഫടികജലത്തിലൂളിയിയിട്ടൂളിയിട്ട് മതിവരോളം വെള്ളം കുടിച്ചു തീർത്ത് തിരിച്ച് കയറുമ്പോൾ നിറയെ വെള്ളമുള്ള ഒരു ഇളനീർത്തൊണ്ടുമായി നാരായണൻ കുട്ടിയെ അവന്റെ അമ്മ കാത്തു നിൽപ്പുണ്ടാവും....*



കുട്ടീടെ മാത്രം അമ്മയുടെ അസ്ഥിത്തറ കടന്ന് അവനെങ്ങിനെ പോവാനാണ്?

അസ്വസ്ഥത ഇററ് വീഴാനൊരുങ്ങുന്ന സന്ധ്യക്കായിരുന്നു. നാരായണൻകുട്ടിക്ക് ഏറെ ദാഹിക്കുന്ന സന്ധ്യക്ക്. നിശ്ശബ്ദതയുടെ കനത്തപാളികളിൽ മുറിവേൽപ്പിച്ചു കൊണ്ട് ഏറെനേരം ആ ശബ്ദം അവിടെ ചുററിപ്പററിനിന്നു. ഷീബയുടെ അച്ഛൻ പറഞ്ഞത് നാരായണൻകുട്ടി കേൾക്കോന്ന് പേടിയുണ്ടായിരുന്നു. അതുകൊണ്ടാണ് കൈകളിൽ മുറുകെ പിടിച്ച് പതുക്കെപ്പറയൂന്ന് പറഞ്ഞത്.

അപ്പോൾ, ഇനി ആരെയാണ് കാത്തിരിക്കുന്നതെന്നാണ് ചോദിച്ചത്. സത്യമായിരുന്നത്. ഇനി ആരെ കാത്തിരിക്കാനാണ്? നാരായണൻകുട്ടി മരിച്ചു പോയിരിക്കുന്നു. അവന്റെ മരണത്തിന്റെ തലേന്നാൾ, ന്റെ നാരായണൻ കുട്ടിക്ക് ദാഹിക്ക്യല്ലോ ഭഗോതീന്ന് പറഞ്ഞ് അമ്മയും മരിച്ചുപോയിരുന്നു. മരിക്കുമ്പോൾ അമ്മയുടെ കൈകൾ ചുററിപ്പിടിച്ച് നാരായണൻകുട്ടിയുണ്ടായിരുന്നു. അമ്മക്ക് ആരോ നാരായണാ എന്ന് ചൊല്ലിക്കൊടുത്തത് നാരായണൻ കുട്ടീന്ന് തുടർന്ന് പോവുകയായിരുന്നു.

ഒരു നിശ്വാസത്തിനു ശേഷം മറെറാരു നിശ്വാസത്തിന്റെ ആഗമനം കാത്തിരുന്ന് , ഏറെക്കഴിഞ്ഞും നിശബ്ദത യിലേക്ക് ഒരു നിശ്വാസവുമുതിർന്നു വീഴാതായപ്പോൾ നാരായണൻകുട്ടി അമ്മയുടെ മുഖത്തേക്ക് മുഖം ചായ്ച്ചു കരഞ്ഞു.

—ൻകി ദാഹിക്ക്യല്ലോ അമ്മേ........

അമ്മ ഒന്നും പറഞ്ഞില്ല. അമ്മയുടെ കണ്ണിൽ പാതിയടർന്ന ഒരു നീർത്തുള്ളിയുണ്ടായിരുന്നു.

പുറത്ത് നിന്ന് ഒരിക്കലും താഴിട്ടിട്ടില്ലാത്ത ഉമ്മറവാതിൽ അടച്ചിട്ട് അമ്മയുടെയും നാരായണൻകുട്ടിയുടെയും അസ്ഥിത്തറ കടന്ന് ഒതുക്കുകല്ലുകൾ ചവിട്ടിയി

റങ്ങി തിരിഞ്ഞ് നോക്കാതെ നമുക്ക് പോവാമെന്ന് പറഞ്ഞത് കേട്ടുകൊണ്ടായിരുന്നു ഷീബ വന്നത്. അവൾ ആത്മാവുകളുടെ കാത്തിരിപ്പിനു മുമ്പിൽ രണ്ടുവിളക്കുകൾ കൊളുത്തിവെച്ച് വരികയായിരുന്നു. അവളുടെ കൺകോണുകളിലെവിടെയോ അഗ്നിനാളത്തിന്റെ ഇളം ചൂടറിഞ്ഞ ഒരു നീർതുള്ളിയുണ്ടായിരുന്നു. വാതിൽ പാളിയിൽ ചാരിനിന്നാണ് അവളത് കേട്ടത്.

പൊടുന്നനേ അവൾ വിതുമ്പിക്കരഞ്ഞു.

വാതിലിൽ തലചായ്ച്ചു കരയവേ അവൾ വേണ്ടാട്ടോ എന്ന് വിലപിച്ചു കൊണ്ടിരുന്നു.

അച്ഛനൊന്നും പറയാതെ അവളുടെ മുടിയിഴകളിൽ പതിയെ തലോടി സാരമില്ലെന്ന് പറഞ്ഞു. ഏറെ നേരം കാററിന്റെ മർമ്മരവും അവളുടെ ഗദ്ഗദത്തിന്റെ നേരിയ ഒഴുക്കും മാത്രമായിരുന്നു. അതുകഴിഞ്ഞ് തട്ടിൻ പുറത്ത് നിന്ന് എന്തോ ശബ്ദം കേട്ടു. അത് നാരായണൻകുട്ടിയുടെ കരച്ചിലായിരുന്നു. അതിന്റെ പ്രതിധ്വനിയിലേക്ക് ഷീബ ചെവിയോർത്തിരുന്നു.

—എല്ലാരും പോയാ നാരായണൻകുട്ടിക്ക്യാരാ വെള്ളം തരാ? അസ്ഥിത്തറേലാരാ വെളിച്ചം തരാ?

ഷീബ നാരായണൻകുട്ടിയുടെ പരുപരുത്ത ശബ്ദത്തിലും വല്ലാത്തൊരാർദ്രത തിരിച്ചറിഞ്ഞു. മച്ചിൻ പുറത്ത് നിന്ന് നാരായണൻകുട്ടി ചോദിച്ചത് അവളച്ഛനോട് ചോദിച്ചു.

അച്ഛനൊന്നും പറഞ്ഞില്ല. അതേ കുട്ടീന്ന് കാററു പറഞ്ഞു. അപ്പുറത്തെന്തോ തട്ടിമറയുന്ന ശബ്ദം കേട്ടു. പിന്നെ നാരായണൻകുട്ടിയുടെ ഏങ്ങലടി കേട്ടു. ആ ശബ്ദത്തിൽ നിന്ന് അവൾ കുററിരോമങ്ങൾ നിറഞ്ഞ ആ മുഖം തിരിച്ചറിഞ്ഞു. അതിനപ്പുറം രണ്ട് വലിയ കണ്ണുകളിൽ ദാഹത്തിന്റെ ദൈന്യത കണ്ടു. ചുമരിലേക്ക് തലചായ്ച്ച് അവൾ, നാരായണൻകുട്ടിയെ തനിച്ചാക്കി ആരും എങ്ങോട്ടും പോവുന്നില്ലെന്ന് പറഞ്ഞു.

അസ്ഥിമാടത്തിലപ്പോഴും വിളക്കുകത്തുന്നുണ്ടായിരുന്നു. അസ്ഥിത്തറയിൽ വിളക്കുവെച്ച് , അഗ്നിനാളത്തിന്റെ ഇളംനീല ഞരമ്പുകളിലേക്ക് നോക്കി നിൽക്കുമ്പോൾ ദാഹിക്കുന്ന രണ്ടുകണ്ണുകളാണ് കാണാനാവുക. അല്പം കൂടി നോക്കി നിൽക്കേ വെളിച്ചത്തിനപ്പുറം എനിക്കിററു വെള്ളം തരോന്ന് ചോദിക്കുന്ന മുഖത്തിന്റെ ആർദ്രത അഗ്നി നാളത്തിനിടയിലൂടെ തൊട്ടറിയാനാവും.

ഷീബ എന്താണു ചെയ്യുക?

അസ്ഥിമാടത്തിൽ കുറച്ച്വെള്ളമൊഴിച്ചു കൊടുക്കട്ടേയെന്ന് നാരായണൻകുട്ടി മരിച്ചതിന്റെ പിറേറന്ന് അവളമ്മയോട് ചോദിച്ചതാണ്. അമ്മ അരുതെന്ന് പറഞ്ഞു. പിന്നെയവൾ പൂജാമുറി അടച്ചിട്ട് മഴ പെയ്യിക്കണേയെന്ന് ഭഗവതിയോട് പറഞ്ഞു. മഴത്തുള്ളികളാഴ്ന്നിറങ്ങുമ്പോഴെങ്കിലും നാരായണൻകുട്ടിക്ക് ദാഹം ശമിക്കാതിരിക്കില്ലല്ലോ.

---

*നാരായണൻകുട്ടിക്ക് വലിയ ദാഹമായിരുന്നു. മഴയിലും വെയിലിലും മഞ്ഞിലും നാരായണൻകുട്ടിക്ക് ദാഹിച്ചു. ഉച്ചയുടെ തീഷ്ണതയിലും സന്ധ്യയുടെ ശൈത്യത്തിലും നിശ്ശബ്ദതയുടെ കനത്ത അർദ്ധരാത്രികളിലും നാരായണൻകുട്ടിക്ക് ദാഹിച്ചു. കള്ളക്കർക്കിടകത്തിലും ഓണച്ചിങ്ങത്തിലും നാരായണൻകുട്ടിക്ക് ദാഹമായിരുന്നു. പാവം നാരായണൻകുട്ടി !*

---

നാരായണൻകുട്ടിക്ക് ദാഹിക്കാതിരിക്കില്ലെന്നുറപ്പാണ്. അർദ്ധരാത്രികളിൽ പോലും അടുക്കളയിൽ പാത്രങ്ങൾ തട്ടിമറിയുന്ന ശബ്ദം കേൾക്കാമായിരുന്നു. വെള്ളം കുടിച്ച് കുടിച്ച് ഒരു നാൾ നാരായണൻകുട്ടി കുടലു പൊട്ടി മരിച്ച് പോകുമെന്ന് പെരച്ചൂട്ടി പറഞ്ഞ അന്നുമുതലാണ് നാരായണൻകുട്ടിക്ക് ദാഹിക്കുമ്പോൾ ഷീബ പേടിക്കാൻ തുടങ്ങിയത്.

ഒരു നാൾ അമ്മ നാരായണൻകുട്ടിയുടെ മുടിയിൽ തലോടിയിരുന്നതോർമ്മയുണ്ട്. നിശബ്ദതയായിരുന്നു അവർക്കിടയിൽ. ഏറെക്കഴിഞ്ഞ് അമ്മയുടെ കവിളുകളിലൂടെ നീർത്തുള്ളികളൊലിച്ചിറങ്ങുന്നുണ്ടായിരുന്നു. അപ്പോൾ നാരായണൻകുട്ടി അമ്മയുടെ കവിളുകളിൽ തലചായ്ച്ച് ഒന്നും പറയാതെ കിടക്കുകയായിരുന്നു. പിന്നെയവൻ പതിയെ നാക്കു നീട്ടി കണ്ണീരിന്റെ ഉപ്പുരസമത്രയും നക്കിക്കുടിച്ചതോർമ്മയുണ്ട്.

പാവം നാരായണൻകുട്ടി, അവനെപ്പോഴെങ്കിലും അമ്മ കൂടുതൽ കരയണേയെന്നാഗ്രഹിച്ചിട്ടുണ്ടാവില്ലേ? അമ്മ കരയണമെന്നാഗ്രഹിച്ചാൽ നാരായണൻകുട്ടിക്ക് ശാപം ലഭിക്കില്ലേ?

ഉണ്ടാവില്ല.

നാരായണൻകുട്ടിയുടെ അമ്മ അവനെ എങ്ങിനെ ശപിക്കാനാണ്? അമ്മയെന്നും നാരായണൻകുട്ടിക്ക് മതിവരോളം ദാഹം മാററാൻ വെള്ളം ലഭിക്കില്ലയെന്ന് ഭയപ്പെട്ടു. ഭഗവതിയേക്കാൾ നാരായണൻകുട്ടിയുടെ ദാഹത്തെപ്പററി മാത്രം പറഞ്ഞു. അർദ്ധരാത്രിയുടെ നിശ്ശബ്ദതയിലേക്ക് പൊട്ടിവീഴുന്ന കാലൻകോഴികളുടെ ശബ്ദത്തോട് അമ്മ പരാതി പറഞ്ഞു.

—ന്റെ നാരായണൻകുട്ടിനെ തനിച്ചാക്കി ഞാൻ പോന്നാ..., ഓന് ദാഹിക്കില്ല്യേ?

മീനത്തിന്റെ കൊടും വെയിലിൽ നാരായണൻകുട്ടിക്ക് ദാഹം വർദ്ധിക്കുകയായിരുന്നു. അന്ന് പെരച്ചൂട്ടിയെ വിളിച്ച് ഇളനീർക്കുലകൾ വെട്ടിവെക്കും. മേടത്തിൽ കിണറ്റിന്റെ താഴ്ന്നുവരുന്ന ജലവിതാനത്തിലേക്കു നോക്കി നാരായണൻകുട്ടിയുടെ അമ്മ അസ്വസ്ഥയാവും.

ഇടവം കഴിഞ്ഞാലമ്മ മഴകാത്തിരിക്കും. കഴിഞ്ഞ ഇടവത്തില് കിണറ്റിലെ അവസാനത്തെ തുടം വെള്ളവും മുക്കിയെടുത്തു കഴിഞ്ഞപ്പോൾ നാരായണൻകുട്ടിയുടെ അമ്മ കരയ്യായ്‌രുന്നു. അന്നാണാദ്യമായി നാരായണൻകുട്ടിക്ക് ദാഹിച്ചപ്പോൾ വെള്ളം ലഭിക്കാതിരുന്നത്. അന്ന് നാരായണൻകുട്ടി വയറിൽ കൈകളമർത്തി കരഞ്ഞതോർമ്മയുണ്ട്. അമ്മ മുറ്റത്തിറങ്ങി നെറ്റിയിൽ കൈവെച്ച് പടിഞ്ഞാറോട്ട് നോക്കിനിന്നു. ഏറെ നേരം കഴിഞ്ഞും ഒരു നീർമേഘത്തിന്റെ വരവുകണ്ടില്ല. ഉച്ചയായിരുന്നപ്പോൾ.

അമ്മ പൂജാമുറിയിൽ നിന്ന് വാതിലടച്ചു. പിന്നെ ഭഗവതിയുടെ കണ്ണുകളിലെ സ്നേഹത്തിന്റെ സ്പർശനത്തിലേക്ക് തലചായ്ച്ച് അമ്മ കരഞ്ഞു.

—ന്യും മഴ പെയ്യാഞ്ഞാ, ന്റെ നാരായണൻകുട്ടിക്ക് ദാഹിക്ക്യല്ലോ ഭഗോതീ....

മുടിയിഴകളിലൂടെ ദേവിയുടെ കൈകൾ പാറി നടക്കുന്നതിന്റെ നിർവൃതിയിൽ അമ്മയേറെ നേരമിരുന്നു. പിന്നെ നാരായണൻകുട്ടിയുടെ ദാഹിക്കുന്ന കണ്ണുകളിലൂടെ ഓർമ്മയിൽ പതിയെ എഴുന്നേറ്റ് വാതിൽപ്പാളി തുറന്നിടുമ്പോൾ, പാതി തുറന്ന വാതിൽപ്പാളിക്കപ്പുറത്ത് ഉമ്മറപ്പടിയിലേക്ക് ആർത്തലച്ചു വീഴുന്ന മഴത്തുള്ളികളെ അമ്മ കണ്ടു.

അവരൊരിക്കൽ കൂടി ഭഗവതിയെ വിളിച്ചു.

അപ്പോൾ തുളസിത്തറക്കപ്പുറം നാരായണൻകുട്ടി മലർന്നു കിടക്കുകയായിരുന്നു. മണ്ണിനോട് ചേർന്ന് കിടന്ന് പുതുമഴത്തുള്ളികളുടെ രുചിയറിഞ്ഞു അവൻ. അമ്മയപ്പോൾ മുത്തശ്ശിക്കഥയിലെവിടെയോ അങ്ങിനെയൊരു കിളിയുണ്ടല്ലോയെന്നോർത്തു.

അമ്മ നാരായണൻകുട്ടിയോട് അരുതെന്നു പറഞ്ഞില്ല. അവന്റെ കിടപ്പിന്റെ സൗന്ദര്യത്തിലുമാഹ്ലാദത്തിലുമവർ ഏറെനേരം നോക്കിനിന്നു. മുത്തശ്ശിക്കഥയിലെ കിളിയുടെ ഓർമ്മയിലവർ ചിരിച്ചുപോയി.

—നാരായണൻകുട്ടിക്കിളി!

ഷീബക്ക് ഓർക്കാൻ വയ്യായിരുന്നു. നാരായണൻകുട്ടിയുടെ ദാഹത്തിന്റെ നിശ്വാസങ്ങളാണെവിടെയും. അസ്ഥിത്തറയിലും ഇരുട്ടുവീണ ചുമരുകൾക്കിടയിലും ഉമ്മറപ്പടിയിലും അടുക്കളയിലും കുറ്റിച്ചെടികൾ നിറഞ്ഞ തൊടിയിലെമ്പാടുമെല്ലാം ദാഹത്തിന്റെ തപിച്ച നിശ്വാസങ്ങളുണ്ട്. ദാഹത്തിന്റെ നിശ്വാസങ്ങളെ തനിച്ചാക്കി, നാരായണൻകുട്ടിയേയും അമ്മയേയും തനിച്ചാക്കി, അസ്ഥിത്തറയിൽ അഗ്നിനാളത്തിന്റെ സ്നേഹസ്പർശമറിയാത്ത സന്ധ്യകളെ ബാക്കിയാക്കി മടങ്ങാനാണ് അച്ഛനാഗ്രഹിക്കുന്നത്.

മരിക്കുന്നതിന്റെ തലേന്നാൾ നാരായണൻകുട്ടിയുടെ അമ്മ കൈകളിൽ മുറുകെപ്പിടിച്ച് ചെവികൾ ചുണ്ടോടടുപ്പിച്ച് പിടിച്ച് ഒട്ടൊരു ഭയപ്പാടോടെ പറഞ്ഞതോർമ്മയുണ്ട്.

—ഞാൻ മരിച്ചാലും ന്റെ ഷീബക്കുട്ടിണ്ടാവല്ലോ, നാരായണൻകുട്ടിക്ക് ദാഹിച്ചാ വെള്ളം കൊടുക്കാൻ ....

നാരായണൻകുട്ടിയുടെ അമ്മ മരിച്ചിരിക്കുന്നു. അമ്മ മരിച്ചതിന്റെ പിറ്റേന്ന് വിറയാർന്ന് ഒരഗ്നിനാളവുമായി കുഴിമാടത്തിലേക്ക് ചെന്നതായിരുന്നു. മങ്ങിയ ഇരുട്ടിൽ കുഴിമാടത്തോട് ചേർന്ന് നാരായണൻകുട്ടി ചരിഞ്ഞ് കിടപ്പുണ്ടായിരുന്നു. കരിഞ്ഞ മണ്ണിലേക്ക് ഒരു കൈനീട്ടിയിട്ട് ചുണ്ടിന്റെ പാതി മണ്ണിലമർത്തി, മറ്റേ പാതിയിലൊരു നേരിയ ചിരിത്തുണ്ട് ബാക്കിവെച്ച് നാരായണൻകുട്ടി കിടക്കുകയായിരുന്നു. അവന്റെ കണ്ണുകളിൽ അമ്മയുടെ മടിയിൽ തലചായ്ച്ചുറങ്ങുന്ന ഭാവമുണ്ടായിരുന്നു. നാരായണൻകുട്ടിയുടെ മുടിയിഴകളിൽ അമ്മയുടെ വിരൽപ്പാടുണ്ടായിരുന്നു.

—നാരായണൻകുട്ടി മരിച്ചു പോയിരുന്നു.

*അമ്മ നാരായണൻകുട്ടിയോട് അരുതെന്നു പറഞ്ഞില്ല. അവന്റെ കിടപ്പിന്റെ സൗന്ദര്യത്തിലുമാഹ്ലാദത്തിലുമവർ ഏറെ നേരം നോക്കിനിന്നു. മുത്തശ്ശിക്കഥയിലെ കിളിയുടെ ഓർമ്മയിലവർ ചിരിച്ചുപോയി.*
*—നാരായണൻകുട്ടിക്കിളി!*

പാതി ഉറക്കത്തിലുമവൾക്ക് തുടർച്ചയില്ലാത്ത ഒരു ചിത്രത്തിന്റെ ഭാഗമായി കുറ്റിരോമങ്ങൾ നിറഞ്ഞ മുഖവും ദാഹത്തിന്റെ നിശ്വാസങ്ങളും ഒടുവിൽ മണ്ണിൽ തലചായ്ച്ചുകിടന്ന നേരിയ ചിരിയും ഓർമ്മയായി, ഇടക്കെപ്പൊഴോ, നാരായണൻകുട്ടിയില്ലാത്ത വീടിന്റെ ഇരുട്ടിലേക്ക് കൺതുറക്കേ അകത്ത് നിന്ന് പതിഞ്ഞ ശബ്ദം കേട്ടു.

—ഉമ്മറവാതിൽ പൂട്ടിയിടാം. മുള്ളുവേലി തീർത്ത് മുൻവശത്ത് മുളകെട്ടിയിടാം. ഇങ്ങോട്ടും ഒരു കണ്ണുവെക്കാൻ പെരച്ചുട്ടിയോട് പറയാം. പിന്നെ ഇടക്കെപ്പോഴെങ്കിലും വന്നു നോക്കി മടങ്ങിപ്പോകാം.

ഷീബ ശ്രദ്ധിച്ചു കിടന്നു. അച്ഛൻ മടക്കയാത്രയുടെ തീരുമാനങ്ങൾ അമ്മയോട് വിവരിക്കുകയാവും.

അനിയന്റെ അസ്ഥിത്തറയിൽ വിളക്കുവെക്കാൻ മാത്രം അച്ഛനാരേയും നിയോഗിച്ചില്ലല്ലോയെന്ന് ഷീബയോർത്തു. സന്ധ്യക്ക് നാരായണൻകുട്ടിക്ക് അഗ്നിനാളത്തിന്റെ ഇളം ചൂടിനു ദാഹിക്കാതിരിക്കില്ല. നാരായണൻകുട്ടിയുടെ അമ്മ മരിക്കും മുമ്പേൽപിച്ചതാണത്.

നിയോഗ വ്യഥയിൽ ഷീബ കരഞ്ഞു പോയി

കരഞ്ഞു തളർന്നപ്പോഴോ വീണ്ടുമവളുറങ്ങിപ്പോയി.



സ്വപ്നത്തിലവൾ, ഒരിരുട്ടുമുറിയിലെമ്പാടും കൂട്ടിയിട്ട സ്മാരകശിലകളെ കണ്ടു. അതിലെവിടെയും നാരായണൻകുട്ടിയെന്നെഴുതിയ ഒരു കല്ലുണ്ടായിരുന്നില്ല. പാതിയുറക്കത്തിൽ സ്വപ്നത്തിന്റെയും പാതിമാത്രമോർമ്മയുള്ള യാഥാർത്ഥ്യങ്ങളേയും കൂട്ടിയിണക്കാൻ ശ്രമിക്കുകയായിരുന്നവൾ. അമ്മ വിളിച്ചതപ്പോഴായിരുന്നു.

അമ്മ ഒന്നും പറഞ്ഞില്ല.

വളരെ നേരത്തേ അമ്മ കുളികഴിച്ചിരിക്കുന്നു. അപ്പുറത്ത് അച്ഛൻ എന്തെല്ലാമോ ഒതുക്കിവെക്കുന്നു.

ഷീബ പാതി തുറന്നിട്ട ജനൽപ്പാളിയിലൂടെ നാരായണൻകുട്ടിയുടെ അസ്ഥിത്തറ കണ്ടു. പിന്നെ നാരായണൻകുട്ടിയുടെ അമ്മയെ കണ്ടു. അവളപ്പോൾ ഒരു നിയോഗത്തിന്റെ ആർദ്രതയോർത്തു. ഇരുട്ടിടറി വീഴെ ഒരഗ്നിനാളത്തിന്റെ സ്നേഹസ്പർശം കാത്തിരിക്കുന്ന സന്ധ്യകളെ യോർത്തു.

അവൾക്ക് കരയണമെന്നുണ്ടായിരുന്നു. അച്ഛന്റെ കണ്ണിലുമൊരാർദ്രത കാണേ അവൾ കരയാതിരിക്കാൻ ശ്രമിച്ചു.

കുളികഴിഞ്ഞ് മുടിയിലൊരു തുളസിക്കതിർ ചൂടിയാലോ എന്ന് അവൾക്കാശയുണ്ടായിരുന്നു. തുളസിത്തറക്കപ്പുറം നാരായണൻകുട്ടി ഇനിയുമുണർന്നിട്ടുണ്ടാവില്ലല്ലോയെന്നോർത്തപ്പോൾ അവളതും വേണ്ടെന്ന് വെച്ചു. അപ്പോഴും പഴയ സ്വപ്നത്തിന്റെ ഓർമ്മ വല്ലാതെ വേദനിപ്പിച്ച് കൊണ്ട് മനസ്സിലുണ്ടായിരുന്നു.

നാരായണൻകുട്ടിയുടെ അസ്ഥിത്തറയിലേക്ക് വെയിൽ ചരിഞ്ഞുവീഴാൻ തുടങ്ങുമ്പോൾ പെരച്ചുട്ടിവന്നു. അപ്പുറത്ത് വേലിക്കിരുപുറവും ആർദ്രമായ കണ്ണുകളുമായി അയൽക്കാർ വന്നു. നീണ്ട് മെലിഞ്ഞ് കറുത്തിരുണ്ട പെരച്ചുട്ടിയുടെ തീഷ്ണമായ കണ്ണുകളിലുമൊരാർദ്രത കാണേ ഷീബ അത്ഭുപ്പെട്ടു.

—പെരച്ചുട്ടി ആദ്യമായി കരയുകയാവും.

ഉമ്മറവാതിൽ വലിച്ചടച്ച് പുറത്ത് നിന്ന് താഴിടുമ്പോൾ ഷീബ അകത്തെ ഇരുട്ടിലെവിടെയോ കുടുങ്ങിപ്പോയ പതറിയ ഒരു ശബ്ദത്തുണ്ട് കേട്ടു.

അത് നാരായണൻകുട്ടിയുടെ ദാഹത്തിന്റെ ശബ്ദമായിരുന്നു. അവൾ ചെവിയോർത്തു.

—ലേശം വെള്ളം കൂടി തര്വോ? സത്യായിട്ടും ദാഹിച്ചിട്ടാ..... പിന്നെ ഒട്ടൊരു നിശ്ശബ്ദതക്കുശേഷം പതിഞ്ഞ താളത്തിലാവർത്തിക്കുന്ന നിശ്വാസം വീണ്ടും കേട്ടു.

—എല്ലാരും പോയാ നാരായണൻകുട്ടിക്ക്യാരാ വെള്ളം തര്വാ? അസ്ഥിത്തറേലാരാ വെളിച്ചം തര്വാ?

ഒരു നിമിഷമവൾ വിതുമ്പിപ്പോയി.

പെരച്ചുട്ടിയോടും അയൽക്കാരോടും അടഞ്ഞു കിടക്കുന്ന വാതിലിനപ്പുറത്തെ നിശ്വാസങ്ങളോടും യാത്രപറഞ്ഞ് ഷീബയുടെ അച്ഛൻ ഒതുക്കുകല്ലുകളിറങ്ങി.

പ്രഭാതത്തിന്റെ കണ്ണിലും ഒട്ടൊരാർദ്രതയുണ്ടായിരുന്നു. അസ്ഥിത്തറകൾക്കുമുമ്പിൽ നിന്ന് ഒരിക്കൽ കൂടി യാത്രപറയണമെന്നുണ്ടായിരുന്നു. തലയുയർത്താനാവുന്നില്ലല്ലോയെന്ന്, നാരായണൻകുട്ടിയുമമ്മയും. വല്ലാതെ വേദനിക്കുന്നല്ലോയെന്നോർത്തയാൾ നടന്നു.

പിന്നെ വേലികടന്ന് അസ്ഥിത്തറകളിലേക്ക് ഒരിക്കൽ കൂടി തിരിഞ്ഞ് നിൽക്കേ നാരായണൻകുട്ടിയുടെ കുഴിമാടത്തിനു മുമ്പിൽ ഷീബ കുനിഞ്ഞ് നിൽക്കുന്നത് കണ്ടു.

അസ്ഥിത്തറയിലെ കരിഞ്ഞ മണ്ണിൽ അവളെന്തോ കുഴിച്ചു വെക്കുകയായിരുന്നു.

ചെറിയ ഇലകളുള്ള ഒരു കൊച്ചു നാരകച്ചെടിയായിരുന്നത്; ദാഹത്തിന്റെ ഓർമ്മക്ക്.......

# ജൂണിന്റെ ആന്ദോളനങ്ങൾ



## പതാക

വാക്കുകൾക്കും ചോക്കുകൾക്കും ഇടയിൽ
നിസ്സഹായതയുടെ പതാക തളർന്നു കിടക്കുന്നു
കീർത്തനങ്ങൾക്കും പ്രാർത്ഥനകൾക്കും
വിനീതനായ് നില്ക്കുന്ന ഞാൻ
കടൽക്കാററിന്റെ തിരയോട്ടങ്ങളേയും
ചുററമ്പലം തിന്ന തീദൈവങ്ങളേയും
മനസ്സിലഴിച്ച് വിട്ട്
ഇനിയെത്രക്കാലം...



## പൂക്കളുടെ പെൺകുട്ടി

തെച്ചിപൂക്കളുടേയും തൃത്താപൂക്കളുടെയും
പെൺകുട്ടി
മയിൽ പീലി കണ്ണുകൾ നട്ടുവളർത്തിയവൾക്ക്
മഞ്ചാടിക്കുരുകളുടെ സ്പർശം
പച്ചപാവാടകളിലും പച്ച വളകളിലും
കൊത്തിവെക്കപ്പെട്ടവൾ.
ഒരിക്കൽ
ഈ പടവുകൾ കയറുമ്പോൾ
നിറങ്ങളുടെ മരീചിക കണ്ട് അന്ധാളിച്ച് നിന്നു
വിവിധ വർണ്ണങ്ങളുടെ വിലവിവര പട്ടിക
വിഷൂചിക പിടിച്ച്,
അമ്മയുടെ പുതപ്പിൽ തളർന്ന് മയങ്ങുമ്പോൾ
ദുരന്തങ്ങളെ വ്യവകലനംച്ചെയ്തു കൊണ്ടവൾ
പിറുപിറുത്തു "ഇനി ഞാനങ്ങോട്ടില്ലമ്മേ"



## നീലതടാകം

തുളസി തലപ്പുകളിൽ വിടർന്ന നിനക്ക്
പുള്ളുവൻ പാട്ടിന്റെ ശാലീനത
അമ്മയുടെ കണ്ണിലെ ആർദ്രത വററിച്ച്
അക്ഷരന്റെ സീമാന്ത തടാകം മുറിച്ചോൻ.
പാഠക്രമത്തിൽക്കുരുത്തക്കേട് കാണിക്കുന്ന കുട്ട
നീല സ്നേഹത്തിലെ പറവകൾക്ക്
മിഴി വലിച്ചെറിഞ്ഞ് കാത്തിരിക്കുന്നു
നിദ്രകൾ മുറിയുന്നു
സന്ധ്യകൾചോക്കുന്നു
എല്ലാം മായ്ക്കുന്ന തിരകൾക്ക് മീതെ
ഈ പറവകൾ മാത്രം ചേക്കേറുന്നു.



## ഘടികാര സൂര്യൻ

രാത്രികാലങ്ങളിൽ സമയമറിയിക്കാറുള്ള
ആ കിളി
എന്തായ് തീർന്നിരിക്കണം
വേർപാടിന്റെ പ്രണയവുമായ് എത്തുന്ന
ശവനാറി പൂക്കളുടെ ഗന്ധം
രാവിന്റെ വീഞ്ഞ് ക്കുടിച്ച്
ചുണ്ട്വിരലററ്.
വിപ്ലവങ്ങളുടെ രക്തവാർച്ചയേററ് കിടക്കുമ്പോൾ
അവൻ
കിളിയെ മാത്രം മറന്ന് പോയിരിക്കുന്നു...

സി. അയ്യപ്പൻ

# കാലം തിരുത്തുന്ന മാർക്സിസം

കെ.പി.നാസർ

ഒരു വാക്യത്തിലേയ്ക്ക് സാമാന്യവൽക്കരിക്കുകയാണെങ്കിൽ മാർക്സിസം എന്ന പ്രത്യയ ശാസ്ത്രം(ideology) നമുക്ക് നൽകുന്നത് പുതിയൊരു നീതി ബോധവും (ethics) അത് വിശദീകരിക്കാനുപയോഗിക്കുന്ന ഒരു തത്വശാസ്ത്രവും (Philosophy) അതുവഴി നേടിയെടുക്കാവുന്ന ഒരു ലക്ഷ്യവും (ശാസ്ത്രീയ സോഷ്യലിസം) ആണ്. പ്രായോഗിക തലത്തിൽ ഉപകാരപ്പെടുന്ന ഈ തിരിച്ചറിവുകൾക്ക് നാം മാർക്സിനോടും എംഗൽസിനോടും നന്ദിയുള്ളവരായിരിയ്ക്കേണ്ടതാണ്. എന്നാൽ കാലം പുതിയ അറിവുകളാൽ തിരുത്തുന്ന മാർക്സിസത്തെക്കുറിച്ച് ചർച്ച ചെയ്യാൻ അത് തടസ്സമാവരുത്. മാർക്സിയൻ പാഠപുസ്തകങ്ങളെ നാം യാഥാർത്ഥ്യങ്ങളുടെ പ്രമാണത്തിലാണ് മനസ്സിലാക്കേണ്ടത്. മാർക്സിയൻ ജ്ഞാനസിദ്ധാന്തത്തിൽ പറയുന്ന പോലെ അറിവിന്റെ ഭൗതികാടിസ്ഥാനം മനുഷ്യന്റെ സാമൂഹിക ജീവിതമാണ്.
അറിവിനെ അളന്നു നോക്കാനുള്ള ഭൗതിക മാനദണ്ഡവും സാമൂഹിക ജീവിതം തന്നെ. മാർക്സിൽ നിന്നും ഒരു നൂറ്റാണ്ട് പിന്നിട്ട നമ്മുടെ സാമൂഹിക ജീവിതത്തിന്റെ വികാസത്തെ നിയന്ത്രിയ്ക്കുന്നതും അതിന് നേതൃത്വം നൽകുന്നതും ടെക്നോളജിയാണ് എന്ന് ഓർമ്മ വെയ്ക്കുക.

ചരിത്രപരത, തുടർച്ചയെ കാണിച്ച് അധികാരമുറപ്പിക്കാനുള്ള ഒരു തന്ത്രമാണെന്ന് വാദിക്കുന്നില്ല. എന്നാൽ തുടർച്ചയിലെ വൈരുദ്ധ്യവും ഏകത്വവും ചർച്ച ചെയ്യാതിരിക്കാനാവില്ല. നമുക്ക് ഒരു പരിധി വരെ സ്ഥലഭാവങ്ങളെ തിരിച്ചറിയാനാവും. എന്നാൽ കാലഭാവങ്ങളേയോ? മാർക്സ് കാലഭാവങ്ങളെ തിരിച്ചറിയുകയും സാമാന്യവൽക്കരിക്കുകയും അതിനെ വിമർശിക്കുകയും ചെയ്തു. അദ്ദേഹം തന്റെ തലമുറയോട് കൂറുകാട്ടി. എന്നാൽ ആപേക്ഷികമായ കാലഭാവത്തെയും അതിനെ തിരിച്ചറിയുന്ന രീതിയെയും കുറിച്ച് നമുക്ക് ഇന്ന് മാർക്സിയൻ സാമാന്യവൽക്കരണത്തിനതീതമായ അറിവുണ്ട്. ഈ അറിവിലൂന്നിക്കൊണ്ട് നമുക്ക് മാർക്സിയൻ ചരിത്രബോധത്തെ ആക്രമിക്കാം. സാമൂഹക–സാമ്പത്തിക–രാഷ്ട്രീയ രംഗങ്ങളിലെ ചരിത്രം പരിശോധിക്കുമ്പോൾ അതിൽ കേവലമായ വ്യവസ്ഥിതികളെ സ്ഥാപിക്കുന്ന പ്രവണതയാണ് മാർക്സിസം നൽകുന്നത്. ചരിത്രരചനയിൽ വ്യവസ്ഥിതികൾക്ക് പ്രാധാന്യമുണ്ടെന്ന് സമ്മതിക്കുമ്പോൾ, വസ്തുനിഷ്ഠമായ നിയമങ്ങളനുസരിച്ചാണ് മനുഷ്യ സമൂഹം നിലനിന്നു പോന്നിട്ടുള്ളത് എന്നത് ശരിയല്ലെന്ന് പറയേണ്ടിവരും. വസ്തുനിഷ്ഠത ചരിത്ര രചനയിൽ പൂർണ്ണമായി ഉൾപ്പെടുന്നില്ല. കാരണം അത് ഭാഗികമായി അമൂർത്തമാണ്. ചരിത്രപ്രതിഭാസം സ്ഥലകാലങ്ങളിലും മനുഷ്യപ്രവർത്തനത്തിലും അധിഷ്ഠിതമാണ്. അതുകൊണ്ട് സാമാന്യവൽക്കരണത്തിന് പ്രസക്തി നഷ്ടപ്പെടുന്നു. ചരിത്രപരമായി രണ്ടുവിരുദ്ധ വർഗ്ഗങ്ങളെ സൃഷ്ടിച്ചിരിക്കുന്നതിനാധാരമായ വർഗ്ഗ ചരിത്ര സങ്കൽപ്പവും വർഗ്ഗമനഃശാസ്ത്രവും സാമൂഹ്യമോ വ്യക്തിപരമോ അല്ല. സമൂഹത്തിലെ ഗോത്ര–ദേശീയ സ്വത്വങ്ങളുടെ പുതിയ മാനങ്ങൾ കാണാൻ മാർക്സിന് കഴിഞ്ഞില്ല. മനുഷ്യന്റെ മൗലിക താല്പര്യം സമ്പാദ്യമാണെന്ന് സങ്കൽപ്പിക്കുന്നതു പോലെ തന്നെയാണ് വ്യവസായ തൊഴിലാളികൾ സമൂഹത്തിലെ മററു തൊഴിലാളികൾക്ക് നേതൃത്വം നൽകും എന്ന സങ്കൽപ്പവും. തൊഴിലാളികളിലുള്ള വൈരുദ്ധ്യത്തെ (കായികാദ്ധ്വാനം, മാനസികാദ്ധ്വാനം) അപഗ്രഥിക്കാൻ മാർക്സ് മിനക്കെട്ടിരുന്നെങ്കിൽ വ്യവസായ തൊഴിലാളികളുടെ നേതൃത്വത്തെ മാനസികാദ്ധ്വാനം ചെയ്യുന്ന തൊഴിലാളികൾ അംഗീകരിക്കുമെന്ന് അദ്ദേഹം സങ്കൽപ്പിക്കുമായിരുന്നില്ല.

ചരിത്രവും സാമ്പത്തികവുമായ മാർക്സിയൻ തിയറിയ്ക്കടിസ്ഥാനം വൈരുദ്ധ്യവാദമാണ്. മാർക്സ് സമൂഹത്തിന്റെ ഭൗതിക പുരോഗതി ലക്ഷ്യമാക്കിയാണ് വൈരുദ്ധ്യ വാദത്തെയും ബലപ്രയോഗത്തെയും അവതരിപ്പിച്ചത്. വിപരീതങ്ങളുടെ ഐക്യത്തിനന്റെ സിദ്ധാന്തമെന്ന് വൈരുദ്ധ്യ വാദത്തെ ചുരുക്കത്തിൽ നിർവ്വചിക്കാം. വൈരുദ്ധ്യ വാദത്തിൽ സംഘട്ടനമാണ് വളർച്ചയുടെ കേവല നിയമമെന്ന് രേഖപ്പെടുത്തുന്നു. എന്നാൽ മാർക്സിസം ഒരു സാമൂഹിക ശാസ്ത്രമാണെന്ന് നമുക്ക് ഓർമ്മ വെക്കുക. സാമൂഹികതയെ ഇന്ന് നിയന്ത്രിക്കുന്നത് ടെക്നോളജിയാണെങ്കിൽ അതിനു പോലും ആധാരമായിരിക്കുന്നത് സർഗാത്മകതയാണ്. ആത്യന്തിക വിശകലനത്തിൽ നാം എത്തിച്ചേരുന്ന നിഗമനം ആപേക്ഷികമായ ഐക്യത്തെ മെച്ചപ്പെടുത്തുക എന്നതു തന്നെയാണ്. മനുഷ്യനിലെ സർഗ്ഗാത്മകതയാൽ സൃഷ്ടിക്കപ്പെട്ട മാനുഷിക മൂല്യങ്ങളെ സാമൂഹിക ബോധം കൊണ്ട് മാർക്സ് നിർജ്ജീവമാക്കുന്നു. ഭൗതിക സമത്വത്തിൽ അധിഷ്ഠിതമായ മനുഷ്യ ബന്ധങ്ങൾ പൂർണ്ണമല്ല. അത് സ്നേഹത്താൽ പൂർത്തീകരിക്കപ്പെടണം.

**കിഴക്കൻ യൂറോപ്പിൽ പുതിയ സംഭവ വികാസങ്ങൾ സങ്കല്പിക്കാൻ പോലുമാവുന്നതിന്ന് മുമ്പെഴുതിയതാണ് ഈ കുറിപ്പുകൾ. എങ്കിലും കാലം ഈ നിരീക്ഷണങ്ങളെ ന്യായീകരിച്ചതായി തോന്നുന്നു.**

---

*ഭൗതിക വാദവും ആശയ വാദവും തമ്മിലുള്ള സമരത്തിന്റെ കാഴ്ചപ്പാടിലൂടെയാണ് ഭൗതിക വാദത്തിന്റെ പ്രസക്തി എന്ന് എംഗൽസ് ഊന്നിപ്പറഞ്ഞു. ആധുനിക ശാസ്ത്രത്തിന്റെ ആരംഭം കുറിച്ചത് ഇസ്ലാമിക ഗ്രന്ഥങ്ങളുടെ സിദ്ധാന്തങ്ങളായിരുന്നു. ഇന്ന് നവീന ഭൗതികവാദം പ്രതിസന്ധിയിലാണ് എന്ന് നമുക്കറിയാം. പുതിയ ആശയവാദങ്ങൾക്കുള്ള തിരച്ചിലിലാണ് നാം. മാർക്സിസം 19– ാം നൂറ്റാണ്ടിന്റെ ശാസ്ത്രത്തിലാണ് ഊന്നുന്നത്. എംഗൽസ് പറഞ്ഞതു പോലെ ശാസ്ത്രം പദാർത്ഥ നിഷ്ഠമായിരുന്നു. പ്രകൃതി നിയമങ്ങളെയും ചലനങ്ങളെയും തികച്ചും ഭൗതികാടിസ്ഥാനത്തിൽ നിർദ്ധാരണം ചെയ്യാൻ കഴിയുമെങ്കിൽ മിടുക്കനായ ഒരു എൻജിനീയർക്ക് പ്രപഞ്ച മാതൃക ഉണ്ടാക്കാമെന്ന് എംഗൽസ് വിശ്വസിച്ചിരുന്നു. എംഗൽസ് പറയുംപോലെ ദ്രവ്യത്തിന്റെ കേവലത സമ്മതിക്കുകയാണെങ്കിൽ നാം സത്യം കണ്ടെത്തി എന്ന് സമ്മതിക്കേണ്ടിവരും. ഐൻസ്റ്റീൻ പോലും പറഞ്ഞത് അതിഭൗതിക ശക്തിയുടെ സാധ്യതയെക്കുറിച്ചാണ് എന്ന് നമുക്ക് മറക്കാതിരിക്കുക.*

*മാർക്സിയൻ ആശയ സംഹിതയിൽ ഇനിയുള്ളത് സാമൂഹിക നീതിബോധവും നേടിയെടുക്കേണ്ട ലക്ഷ്യവുമാണ്. ലക്ഷ്യം സ്വപ്നമായതിനാൽ അതിനെക്കുറിച്ച് മാർക്സ് അധികമൊന്നും പറഞ്ഞില്ല. സാമൂഹിക നീതിബോധം പുത്തനായ ഒരു മൂല്യമല്ല. മാർക്സിയൻ നീതി ബോധത്തിനാധാരം യഹൂദപാരമ്പര്യവും ഇംഗ്ലണ്ട്–ജർമ്മൻ–ഫ്രഞ്ച് പ്രത്യയശാസ്ത്ര സ്വാധീനവുമാണ്. സാമൂഹ്യ നീതിയുടെ അടിസ്ഥാന ഘടകങ്ങൾ മാനവിക സ്വാതന്ത്ര്യം , സാമൂഹിക സമത്വം, സാമൂഹിക ബാധ്യത തുടങ്ങിയവയാണല്ലോ. സാമൂഹിക നീതിയുടെ അടിസ്ഥാന സ്വഭാവം നിർണ്ണയിക്കപ്പെടുന്നത് അടിസ്ഥാന പ്രമാണത്തിന്റെ ആധാരത്തിലാണ്. മാർക്സിയൻ അടിസ്ഥാന പ്രമാണം നാം മുകളിൽ വിവേചിച്ചറിഞ്ഞ ചരിത്രപരവും വൈരുദ്ധ്യാത്മകവുമായ ഭൗതിക വാദമാണല്ലോ. 'നീതി സാമൂഹ്യമായിരിക്കണം, രാഷ്ട്രീയം നീതി ബന്ധമായിരിക്കണം' എന്ന തത്വം നമുക്കറിയാവുന്നതാണ്. മാർക്സിസവും മറ്റേതൊരു പ്രത്യയ ശാസ്ത്രത്തെയും പോലെ ഇതിലൂന്നുന്നു. നീതി ലക്ഷ്യപ്രേരിതമാണ്. ലക്ഷ്യം ശാസ്ത്രീയ സോഷ്യലിസമാണ്. അതിനു യോജ്യമായ ഒരു നീതി നിർമ്മിക്കയാൽ നീതിയുടെ സ്വഭാവം പ്രമാണവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ കേവലമായ നീതിബോധത്തോടോ ലക്ഷ്യത്തിന്റെ ഉദ്ദേശ ശുദ്ധിയോടോ അല്ല, മറിച്ച് പ്രമാണത്തോട് (Philosophy) മാത്രമാണ് ഇവിടെ പ്രതികരിച്ചത്.*

❋

# കിഴക്കൻ യൂറോപ്പിൽ കമ്യൂണിസം അസ്തമിക്കുന്നു

ശരീഫ്

കിഴക്കൻ യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് ഭരണത്തിൻെറ പാളിച്ചകൾ ഒരു വലിയ അണക്കെട്ടു പൊളിച്ചിട്ടു പായ് കൊണ്ട് കെട്ടിനിറുത്താനുള്ള പാഴ് ശ്രമത്തിലാണ് ലോക കമ്മ്യൂണിസ്റ്റുകൾ. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക രംഗത്തുള്ള പരാജയങ്ങൾ മാർക്സിസത്തിൻെറ പരാജയമല്ല അതാതുകാലത്തെ ഭരണാധികാരികളുടെ പരാജയമാണെന്നു പറഞ്ഞുകൊണ്ട് മാർക്സിസ്റ്റ് ലെനിനിസ്റ്റ് പ്രത്യയശാസ്ത്രത്തിന് പുരോഗമനത്തിൻെറ പരിവേഷം നൽകാനുള്ള ശ്രമത്തിലാണ് ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം.

കമ്യൂണിസ്റ്റ് റഷ്യയിൽ എഴുപത് വർഷവും പൗരസ്ത്യ യൂറോപ്പിൽ നാല്പത് വർഷവും ഭരണം നടത്തിയിട്ടും ജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചിട്ടില്ല. സാമ്പത്തികരംഗം ആകെ തകർന്നു, അഭിപ്രായ സ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം തുടങ്ങിയ മൗലിക മാനുഷികാവകാശങ്ങൾ നിഷേധിക്കപ്പെട്ടു. നിരപരാധികളായ ദശലക്ഷക്കണക്കിന് ജനങ്ങൾ നിഷ്ക്കരുണം കൊല്ലപ്പെട്ടു. എന്തുകൊണ്ട്? വളരെ സങ്കീർണ്ണമായ ഈ സംഭവവവികാസങ്ങൾക്ക് വ്യക്തമായ ഉത്തരം പറയാതെയും തെററുകൾ തിരുത്താതെയും മറെറാരു പുതിയ നേതൃത്വം അധികാരത്തിൽ വരുന്നു. കഴിഞ്ഞകാലത്ത് അധികാരത്തിൽ ഇരുന്നവരുടെ പേരിൽ പാപഭാരം ഏൽപിച്ചുകൊടുത്തു കൊണ്ട് ജനശ്രദ്ധ പിടിച്ചുനിറുത്തുന്നതിനു പെരിസ്ത്രോയിക്കയും ഗ്ലാസ്നോസ്തും പ്രചരിപ്പിക്കുന്നു. ഇതിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ അടിസ്ഥാനപരമായ മാററമാണ് കമ്മ്യൂണിസ്റ്റ് ലോകത്ത് ഉണ്ടാകേണ്ടത്.

ഒരു രാജ്യത്തിൻെറ സാമ്പത്തികവും കാർഷികവും സാംസ്കാരികവും ആയ പ്രശ്നങ്ങൾ പഠിക്കുകയോ, വിലയിരുത്തുകയോ ചെയ്യാതെ മാർക്സിസം അടിച്ചേൽപിച്ചതാണ് കിഴക്കൻ യുറോപ്പ്യൻ രാജ്യങ്ങളിലെ പതനത്തിന് കാരണം.

വർഗ്ഗ സംഘട്ടനത്തെപ്പററിയും ഉല്പാദന ഘടനയെപററിയും ഉള്ള മാർക്സിസ്റ്റ്, ലെനിനിസ്റ്റ് വിലയിരുത്തൽ കാലഹരണപ്പെട്ടിരിക്കുന്നു. ഇതിൻെറ ഫലമോ വർഗ്ഗ സഹകരണം സാർവദേശീയ രംഗത്തും ദേശീയരംഗത്തും അനിവാര്യമാക്കി.

മുതലാളിത്ത സമ്പദ്ഘടനയിൽ ക്രിയശക്തി വളർത്താനുള്ള ഉല്പാദനം യുദ്ധം അനിവാര്യമാക്കുമെന്നുള്ള മാർക്സിസ്റ്റ്, ലെനിനിസ്റ്റ് തത്വശാസ്ത്രം കാലഹരണപ്പെട്ടതാണ് സാർവ്വദേശീയരംഗത്ത് സഹകരണത്തിന് വഴി തെളിയിച്ചത്. മുതലാളിത്ത സമ്പദ്ഘടനയിൽ, വാങ്ങാനുള്ള കഴിവ് വർദ്ധിപ്പിക്കാതെയുള്ള ഉൽപ്പാദനത്തിൻെറ ഫലമായി ഉല്പന്നങ്ങൾ കെട്ടികിടക്കും. കെട്ടികിടക്കുന്ന ഉല്പന്നങ്ങൾ വിററഴിക്കുന്നതിനുള്ള വിപണിക്കു വേണ്ടിയുള്ള മത്സരം യുദ്ധത്തത്തിനിടയാക്കും. ഈ യുദ്ധം മുതലാളിത്തത്തിന് നാശവും കമ്മ്യൂണിസ്റ്റ് വിജയവും വരുത്തും എന്നുള്ള മാർക്സിസ്റ്റ്, ലെനിന്സ്റ്റ് വിലയിരുത്തൽ രണ്ടാംലോകയുദ്ധം

---


*കമ്യൂണിസം റഷ്യയിൽ എഴുപത് വർഷവും പൗരസ്ത്യ യൂറോപ്പിൽ നാല്പത് വർഷവും ഭരണം നടത്തിയിട്ടും ജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചിട്ടില്ല. സാമ്പത്തികരംഗം ആകെ തകർന്നു, അഭിപ്രായ സ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം തുടങ്ങിയ മൗലിക മാനുഷികാവകാശങ്ങൾ നിഷേധിക്കപ്പെട്ടു. നിരപരാധികളായ ദശലക്ഷക്കണക്കിന് ജനങ്ങൾ നിഷ്ക്കരുണം കൊല്ലപ്പെട്ടു. എന്തുകൊണ്ട്?*

---

വരെ ശരിയായിരുന്നു. എന്നാൽ ഐൻസ്റ്റീൻ ആററം ബോംബിനു കളമൊരുക്കിയതോടുകൂടി യുദ്ധരംഗത്ത് ഒരു വലിയ മാററം അനിവാര്യമായി. രണ്ടാംലോകയുദ്ധം വരെയും യുദ്ധത്തിൽ ഒരു ശക്തി തോൽക്കുകയും വേറൊരു ശക്തി വിജയിക്കുകയും ചെയ്യുന്ന രീതിയിലായിരുന്നു. എന്നാൽ ഒരു ആററം യുദ്ധം അനിവാര്യമാക്കിയാൽ മുതലാളിത്തത്തിനും കമ്മ്യൂണിസത്തിനും മാനവരാശിക്ക് മുഴുവനും നാശമുണ്ടാക്കുന്ന രീതിയിലേക്ക് യുദ്ധരംഗത്ത് മാററം വന്നു. ഈ മാററം സർവ്വദേശീയ രംഗത്തെ സംഘർഷാവസ്ഥക്ക് അനുരഞ്ജനം അനിവാര്യമാക്കി. മാർക്സിസത്തിനോ, ലെനിനിസത്തിനോ കാണാൻ സാധിക്കാത്ത ഒരു മാററമാണിത്. സർവ്വദേശീയ രംഗത്തെ ഈ അനുരഞ്ജനം ലോക കമ്മ്യൂണിസത്തിനേററ കനത്ത പ്രഹരമായിരുന്നു. അഭ്യന്തര രംഗത്തും മാർക്സിസത്തിനേററത് കനത്ത പ്രഹരമാണ്. ഉല്പാദനഘടനയിലും ഉല്പാദനരംഗത്തുമുള്ള കാഴ്ചപ്പാടു തെററാണെന്ന് വ്യക്തമാക്കുന്നു. കമ്മ്യൂണിസം മുതലാളിത്തത്തിന്റെ ഉല്പാദന ബന്ധങ്ങളെ (തൊഴിലാളി – മുതലാളി ബന്ധങ്ങളെ) മാത്രമേ മാററുന്നുള്ളു. ഉല്പാദന ശക്തികളെ നില നിറുത്തുന്നു.

ഒരു യഥാർത്ഥ വിപ്ലവം സാധ്യമാകണമെങ്കിൽ ഉല്പാദന ബന്ധങ്ങളിലെന്നപോലെ ഉല്പാദന ശക്തിയിലും മാററം വരുത്തേണ്ടതാണ്. മാർക്സ് മുതലാളിത്തത്തിൽ സ്വീകരിച്ച വൻകിട യന്ത്ര വ്യവസായ സങ്കേതങ്ങൾ എൺപത് ശതമാനം വരുന്ന കാർഷിക രാജ്യമായ റഷ്യയിൽ അടിച്ചേൽപ്പിച്ചതാണ് റഷ്യയിലെ പ്രതിസന്ധിക്ക് കാരണം. മാർക്സിന്റെ മൂലധനസിദ്ധാന്തം പോലും അപ്രായോഗികമാണെന്ന് റഷ്യയിലെ കമ്മ്യൂണിസ്ററ് ഭരണം വ്യക്തമാക്കുന്നു. മൂലധനം കുന്ന് കൂടിയത് തൊഴിലാളികളുടെ മിച്ചവിലയിൽ നിന്നു മാത്രമല്ല. ഉപഭോക്താക്കളെയും കർഷകരെയും കൈതൊഴിലുകാരെയും ചൂഷണം ചെയ്തതിന്റെ ഫലമാണെന്ന് വ്യക്തമായി. സ്വകാര്യ മുതലാളിത്തത്തിന് പകരം കമ്പനി മുതലാളിത്തത്തിന്റെ വളർച്ചയോട് കൂടി വ്യക്തി മുതലാളിമാരെക്കുറിച്ചുള്ള മാർക്സിയൻ വിശകലനം അപ്രസക്തമായി. റഷ്യയിലെ പിന്നണി സമ്പദ് ഘടനയെ വൻകിട യന്ത്രവൽക്കരണമെന്ന ഒററ മൂലിക കൊണ്ട് മാററാൻ കഴിവില്ലെന്നുള്ള യാഥാർത്ഥ്യം ലെനിൻ അനുഭവത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കി. ലെനിന്റെ മരണശേഷം അദ്ദേഹത്തിന്റെ മാർഗത്തിലൂടെ റഷ്യയെ പുനസംവിധാനം ചെയ്യാനുള്ള അവസരം നഷ്ടപ്പെടുത്തി. പിന്നോക്കം നിന്ന റഷ്യയെ ആധുനിക വ്യവസായവൽകൃത രാഷ്ട്രമാക്കാനുള്ള വെമ്പലിൽ ചാട്ടവാറിന്റെയും, തടങ്കൽ പാളയത്തിന്റെയും, തൂക്കുമരത്തിന്റെയും, രഹസ്യപോലീസിന്റെയും, മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ സ്ററാലിൻ തയ്യാറായി. ഈ മരണപ്പാച്ചിലിൽ ഒക്ടോബർ വിപ്ലവ നേതാക്കളായ ട്രോട്സ്ക്കി, സിനോവ്, കവിനോവ്, ബുക്കാറിൻ തുടങ്ങിയവരും പതിനായിരക്കണക്കിന് ബോൾഷെവിക്കുകളും കൊല്ലപ്പെട്ടു. എന്നിട്ടും നേടിയതോ സോവിയററ് സമൂഹത്തെ പൂർണ്ണ ബ്യൂറോക്രസിയിൽ എത്തിച്ചു എന്നതു മാത്രം

ദശകങ്ങൾക്ക് ശേഷവും റഷ്യൻ സമ്പൽഘടനക്ക് പ്രത്യേകിച്ച് കാർഷിക മേഖലക്കും സമൂഹത്തിനും ഈ കെടുതിയിൽ മോചനം പ്രാപിക്കാൻ സാധിച്ചില്ല. വോൾഗയെ രക്ത നദിയാക്കിയിട്ടും എഴുപതു വർഷങ്ങൾക്കു ശേഷവും റഷ്യക്ക് അമേരിക്കയുടെയോ പടിഞ്ഞാറൻ യുറോപ്പിന്റെയോ ഒപ്പം ഉൽപാദന ശേഷി നേടാൻ സാധിച്ചില്ല. ഭരണ കൂടമില്ലാത്ത ഒരു സമൂഹ വ്യവസ്ഥ സ്വപ്നം കണ്ട മാർക്സിന് – റഷ്യയിൽ ഭരണകൂടം കൊഴിഞ്ഞു വീണില്ലെന്നു തന്നെയല്ല അതു കൂടുതൽ ഉറച്ചതും കേന്ദ്രീകൃതവും, ജന ജീവിതത്തെയൊക്കെ ബാധിക്കുന്ന ഭീകര യന്ത്രവുമായി മാറുന്നത് കാണേണ്ടിവന്നു. മാർക്സിന്റെ തത്ത്വശാസ്ത്രത്തിൽ അധിഷ്ഠിതമായ ഒരു വിപ്ലവം വിജയിച്ചു എന്ന് അവകാശപ്പെടുന്നത് റഷ്യയിലാണ്. ഒക്ടോബർ വിപ്ലവത്തിൽ



കൂടിയുള്ള ഭരണമാററത്തിൽ കൂടി കമ്യൂണിസ്ററുകാർ അധികാരത്തിൽ വന്നു. 1917 ൽ റഷ്യ ഒരു കാർഷിക രാജ്യവും ഒരു നാടുവാഴിത്വ ഭരണവും ആയിരുന്നു. മുതലാളി തൊഴിലാളി വർഗ്ഗ വൈരുദ്ധ്യത്തിന്റെ പ്രസക്തി നഷ്ടപ്പെടുകയാണ് റഷ്യൻ വിപ്ലവം വഴി ഉണ്ടായത് കാരണം സംഘടിത തൊഴിലാളി വർഗ്ഗം ന്യൂനപക്ഷമായിരുന്നു. റഷ്യ വ്യാവസായികമായി വിജയിച്ചിരുന്നില്ല. മാർക്സിന്റെ വൈരുദ്ധ്യ വാദ തത്വശാസ്ത്രം ലോക തൊഴിലാളി വർഗ്ഗം കൈവെടിഞ്ഞു.

മാർക്സിന്റെ 'ഒന്നാം ഇൻറർ നാഷനൽ' ഒരു ചാപിള്ളയായി. മാത്രമല്ല അന്നത്തെ വ്യാവസായിക രാഷ്ട്രങ്ങളിലെ (ഇംഗ്ലണ്ടിലെയും, ഫ്രാൻസിലെയും, ജർമ്മനിയിലെയും, അമേരിക്കയിലെയും) തൊഴിലാളികൾ മാർക്സിയൻ സിദ്ധാന്തം അംഗീകരിക്കരിച്ചില്ല. ഒരു കാർഷിക രാജ്യമായിരുന്ന റഷ്യയിൽ പട്ടാളത്തിന്റെ സഹായത്തോടെയുള്ള വിപ്ലവം വഴിയാണ് കമ്യൂണിസ്ററുകാർ അധികാരത്തിൽ വന്നത്. കമ്യൂണിസ്ററ് ഭരണത്തോടു കൂടി റഷ്യയിൽ ഉല്പാദനഘടനയിൽ ഉല്പന്നങ്ങളും ഉല്പാദനോപകരണങ്ങളും കൈയ്യടക്കിയ ഒരു ഉദ്യോഗസ്ഥ മുതലാളിത്ത വർഗ്ഗം രൂപം കൊണ്ടു. തൊഴിലാളികളെ കൂടുതൽ സമയം ജോലി ചെയ്യിപ്പിക്കാനും കുറഞ്ഞ വേതനം നൽകിയും ഒരു ചൂഷണവർഗ്ഗം രൂപം കൊണ്ടു. ഈ വർഗത്തിന്റെ താല്പര്യങ്ങാം സംരക്ഷിക്കാൻ ഭരണയന്ത്രം തയ്യാറായി.

ഭരണകൂടത്തെ പററിയുള്ള മാർക്സിന്റെ വീക്ഷണം ശ്രദ്ധേയമാണ്. ഭരണകൂടം നില നിൽക്കുന്നതു ഒരു വർഗ്ഗത്തിൽ നിന്നു കൊണ്ട് മററൊരു വർഗ്ഗത്തെ ചൂഷണം ചെയ്യാനാണ്. ഉല്പന്നങ്ങളും ഉല്പാദനോപകരണങ്ങളും കൈയ്യടക്കിയിരിക്കുന്ന വർഗ്ഗത്തെ പിന്താങ്ങുവാൻ ഭരണകൂടം തയ്യാറാകും. ഈ യഥാർത്ഥ്യം മുതലാളിത്ത സമ്പദ്ഘടനയിലെന്നപോലെ കമ്യൂണിസ്ററ് ഭരണത്തിലും സൃഷ്ടിച്ച അനിവാര്യതയാണ് കിഴക്കൻ യൂറോപ്പിലെ കമ്യൂണിസ്ററ് രാഷ്ട്രങ്ങളിലെ പ്രതിസന്ധിക്ക് കാരണം. സംഘടിത തൊഴിലാളികളുടെ ചെറുത്ത് നിൽപ്പിന് മുമ്പിൽ ഭരണകൂടം പിഴുതെറിയപ്പെടുന്ന കാഴ്ചയാണ് കമ്യൂണിസ്ററ് രാഷ്ട്രങ്ങളിൽ കണ്ടത്.

കാലഹരണപ്പെട്ട ഒരു തത്വശാസ്ത്രത്തിന് പുരോഗമനത്തിന്റെ പരിവേഷം നൽകി പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ ആക്കുന്ന ഇന്നത്തെ പ്രവണത അവസാനിപ്പിച്ചേ പററൂ. എന്നാൽ കിഴക്കൻ യുറോപ്യൻ രാജ്യങ്ങാം മുതലാളിത്തത്തിലേക്കാണ് പോകുന്നത്. ഇതു കൂടുതൽ വിനാശമാണുണ്ടാക്കുക.

# ഒരിന്ത്യൻ ലോക്കപ്പ്മുറിയിൽ നിന്നും ചില ശുദ്ധ ചിന്തകൾ

ജീവിതം,
സർക്കാരാശുപത്രിയിൽ
ജീവനില്ലാതാവുന്നു.
പനിയുടെ മണമുള്ള
ലോക്കപ്പ് മുറിയിലത്,
നിസ്സംഗനിയതി പൂണ്ട നിതിപാലകൻെറ
ബലമുള്ള ബൂട്സിൻെറ ചവിട്ടേററ്
(ജയിലഴികൾ പോലുള്ള വാരിയെല്ലുകളിൽ
വേദന ആർത്തുരുകുമ്പോൾ..)
ജീവിതം
അജൈവമാകുന്നു.

ഞാൻ ഒരിക്കലും അമാനുഷികനെ ആയിട്ടില്ല
എന്നാലും
ഞാനും മനുഷ്യനായിരുന്നല്ലോ!
നാണം മറയ്ക്കുന്ന; നാവിൽ നുണയ്ക്കുന്ന മർത്ത്യൻ
മുറിപൂകിയ ഏതോ രാജീവിൻ പേരുള്ള റോഡിൽ
മൃതിപുൽകാത്ത മാനസരാജനാം—
ജോൺഎബ്രഹാമിനെ കണ്ടിരുന്നു
അതോ കണ്ണാടി മുമ്പിലായെൻ പ്രതിരൂപം കണ്ടതോ?

വേദനകൾ നിശ്വസിക്കരുതെന്ന്
വദനത്തിൽ പുഞ്ചിരിയരുതെന്ന്
സ്വയം ബോദ്ധ്യപ്പെടുത്തിയിരുന്നു—

'ഒന്നുറപ്പാണ്'
ഇതിലപ്പുറം ഒന്നും സാക്ഷി നിൽക്കില്ല.
പാതി മഷി പതിഞ്ഞ കടലാസിലെഴുതിയ വാൾപോസ്ററർ പോലെ
ഞങ്ങളൊരായിരം പേരുടെ ജീവിതം

അവ്യക്തതയുടെ കറ പുരണ്ടിരുന്നു
ഞങ്ങളിഞ്ഞു.

ജീവിതം
ഇതൊക്കെ തന്നെയായിരുന്നു.
ഇതിലപ്പുറത്തെ ജീവിതം ഓടയാകുന്നു, ഓടയിലെ നാററമുള്ള
ചളിയാകുന്നു
വഞ്ചനയുടെ കുളിര് നിറഞ്ഞ അന്തരീക്ഷത്തിലെ വിഷപുക ശ്വസിച്ച്
മൃതിപൂകിയ പഥികരുടെ ശോകഗാനത്തിൽ
ഞങ്ങൾ എല്ലാം മറക്കാൻ ശ്രമിച്ചിരുന്നു
ഒരു പ്രധാന മന്ത്രിയുടെ മനസ്സുപോൽ കാഠിന്യമേറിയ കരിങ്കല്ലാൽ തീർത്ത
വടക്കുനാഥനോടിങ്ങനെ പ്രാർത്ഥിച്ചു
ഇതൊരു ദു:സ്വപ്നമായിരുന്നോട്ടോ!
സ്വപ്നങ്ങൾ വരുന്നവഴികളിൽ പക്ഷേ പട്ടാളക്കാർ കാവൽ നിന്നിരുന്നു
അവർ വരുന്നതറിയിക്കാൻ ചെന്ന പത്രക്കാർ
പെട്ടെന്നുണ്ടായ ഒരാഘാതത്താൽ നിലം പതിച്ചിരിക്കുന്നു
ആർക്കും ഒന്നും 'പുടികിട്ടിയില്ല', ജനം ഒന്നും മിണ്ടിയില്ല.
വിട പറയാം, അനന്തമായ വിട, ആരോട് വിട?
വിരഹിണിയാം കാമിനി പോലുമില്ല, വിണ്ണിലെനിക്കാരുമില്ല.
ഉണ്ടായിരുന്നു
പ്രസംഗമൈതാനിയിൽ കണ്ണുകാണാത്തവരും, ചെവികേൾക്കാത്തവരും
ഉണ്ടായിരുന്നു—
ജയിലഴിക്കുമപ്പുറം
ആദിത്യനുദിക്കാത്ത, പ്രകാശരശ്മിയില്ലാത്ത കറുത്തിരുണ്ടവാനിൽ
കാലം വർത്തമാനത്തിൻെറ വേദനകളുടെ
ആയിരം തപ്ത നിശ്വാസങ്ങളെ ഗർഭം ധരിച്ചിരിക്കുന്നു!
ഈ നിശ്വാസങ്ങൾ ഒരു കൊടുങ്കാററായിരുന്നെങ്കിൽ..
എങ്കിൽ... !



സിദ്ദീഖ് വേളം

# പൊലിഞ്ഞ
# കിനാക്കൾക്കൊരാമുഖം

ഗഫൂർ കോവിന്മേൽ

വിളക്കു കാലും തോളത്തേന്തി
ക്കാൽ വരിയേറേണ്ടോർ;
മറന്നു നില്ക്കും ഗാണ്ഡീവത്തി
ന്നാർജ്ജവ മേകേണ്ടോർ;
ഹിറകൾ തോറും വെളിവിൻ
നെയ്ത്തിരി നാളം കാക്കേണ്ടോർ
നരച്ച കൊടികളുമേന്തിത്തങ്ങളി–
ലുറഞ്ഞു തുള്ളുമ്പോൾ,
ആചാരത്തിൻ കിടങ്ങിലനുജരെ
യരിഞ്ഞു തള്ളുമ്പോൾ,
തകർക്കയല്ലോ നിങ്ങൾ
തെളിവിൻ വിളക്കുമാടങ്ങൾ!
പൊലിഞ്ഞു പോവുകയല്ലോ
കനവിൽ തെളിഞ്ഞ താരങ്ങൾ!
പിഴച്ചതെങ്ങാണുലകിൻ മോചന
കിനാക്കൾ നെയ്തവരെ?.
പിഴചതെവിടെ വാസന്തശ്രീ
തേടിപ്പോന്നവരെ?

# വേനൽ

അബ്ദുല്ല. ഇ.വി.

ഇത്തിരിത്താഴോട്ടിറങ്ങിപോൽ
കത്തുന്നു നിത്യവും സൂര്യൻ:
നനവററ ചുണ്ടിലുണ്ടേതോ
ശിഥിലവൃത്തത്തിലൊരു ചരമഗീതം.
ഭൂമിതൻ പച്ചത്തഴപ്പിലതി—
തപ്തശരങ്ങളാഴുന്നു.
മഴവില്ലുധൂളികളായിപ്പാറുന്നു.
ഗ്രീഷ്മാഗ്നിവീണു വററുന്നു തോടുകൾ,
അരുവുകളാറുകൾ,
മർത്ത്യഹൃദയത്തലുറവകൾ.
പൊലിയുന്നു കുഞ്ഞിന്നിളഞ്ചിരിത്താരകൾ,
പുകയുന്നു പുലരികൾ,
ഇരുളുന്നു പാതയോരത്ത്
തളർന്നു മയങ്ങും പകലുകൾ,
അമാവാസിനിറയും കന്യാഹൃദയങ്ങൾ,
വിങ്ങുന്നു നിശയുടെ മാറിലുരുകും
പൌർണ്ണമികൾ.
ഒരിററുതണുപ്പ് കാത്തുപിടയും വേഴാമ്പലിൻെറ
അവസാന ശ്വാസവും വററുന്നു.
കനവററ കൺകളിൽ പകപെററുപെരുകവെ,
കഴുകൊത്തിപ്പിളരും വെള്ളപ്പിറാവിൻെറ
നിണമിററി വീഴുന്നു.
കുടിനീരാവികളായിപ്പറന്നകലുന്നു;
കത്തുന്നദാഹം കരൾനീരുപിഴിയുന്നു
പിടയുന്ന പൈതലിൻ
പൈതാഹമാററുവാന—
മ്മതന്നശ്രുകണങ്ങൾപൊഴിയുന്നു.
ചുടുകാററിടയുമില്ലിമുളകളിൽ
കാട്ടുതീയാളുന്നു, കാടാകെ പടരുന്നു;
വനശാന്തി സംഗീത—
മുററിക്കുടുക്കുമഗ്നിനാളങ്ങളിൽ
കാടിൻെറ പച്ചപ്പെരിയുന്നു.
തീപാതിതിന്നമരക്കൊമ്പി—
ലണവെന്തുചത്ത പക്ഷികൾ
ദേശാടനം തേടുന്നു.
അനന്തരമെട്ടുദിക്കുമെരിയവെ
സപ്തസാഗരം വററുന്നു.
ഒരു കരിഗോളമായറുതിയിൽ
ഭൂമിതൻ യാത്രാപഥം മുറിയുന്നു.